# കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ

## 2024 ഡിസംബർ 5 – ൦ം തീയതി മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുന്ന താരിഫ് ഉത്തരവിലെ പ്രധാന തീരുമാനങ്ങൾ

(1) 1000 വാട്ട് കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളവരുമായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധന ഇല്ല. ഏകദേശം 32000 ഉപഭോക്താക്കൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.

(2) അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങിയവയുടെ താരിഫ് വർദ്ധിപ്പിച്ചിട്ടില്ല. ഏകദേശം 38000 ഉപഭോക്താക്കൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.

(3) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ ക്യാൻസർ രോഗികളോ, സ്ഥിരമായി അംഗവൈകല്യം ബാധിച്ചവരോ വീട്ടിലുള്ളവർക്ക് പ്രതിമാസം 100 യൂണിറ്റ് വരെ ഉപയോഗിക്കുന്നതിന് താരിഫ് വർദ്ധന ഇല്ല. കൂടാതെ ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള കണക്ടഡ് ലോഡിന്റെ പരിധി 1000 കിലോവാട്ടിൽ നിന്ന് 2000 കിലോവാട്ടായി ഉയർത്തിയിട്ടുണ്ട്. മുമ്പ് അപകടങ്ങളിൽ അംഗവൈകല്യം സംഭവിച്ചവർക്കും പോളിയോ ബാധിതർക്കും മാത്രമായിരുന്നു ഈ ആനുകൂല്യം. ഇത് അംഗവൈകല്യം ഉള്ള എല്ലാവർക്കുമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(4) എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സൗജന്യ നിരക്ക് അതേപടി നിലനിർത്തിരിക്കുകയാണ്.

(5) കെ.എസ്.ഇ.ബി ലിമിറ്റഡ് 2024-25 വർഷത്തേക്ക് സമ്മർ താരിഫ് ഉൾപ്പെടെ യൂണിറ്റിന് ശരാശരി 37 പൈസയുടെ നിരക്ക് വർദ്ധന ശുപാർശ ചെയ്തെങ്കിലും, കമ്മീഷൻ ശരാശരി 16 പൈസയുടെ വർദ്ധനവ് മാത്രമേ അനുവദിച്ചിട്ടുള്ളൂ. കൂടാതെ 2025-26 വർഷത്തേക്ക്, സമ്മർ താരിഫ് ഉൾപ്പെടെ, യൂണിറ്റിന് 27 പൈസയുടെ നിരക്കുവർദ്ധന ശുപാർശ ചെയ്തെങ്കിലും, യൂണിറ്റിന് ശരാശരി 12 പൈസയുടെ നിരക്കു വർദ്ധന മാത്രമേ കമ്മീഷൻ അംഗീകരിച്ചിട്ടുള്ളൂ. 2026-27 വർഷത്തേക്ക്, സമ്മർ താരിഫ് ഉൾപ്പെടെ യൂണിറ്റിന് ശരാശരി 9 പൈസയുടെ നിരക്ക് വർദ്ധന ശുപാർശ ചെയ്തെങ്കിലും കമ്മീഷൻ നിരക്കു വർദ്ധന പരിഗണിച്ചില്ല. കാര്യക്ഷമത വർദ്ധിപ്പിച്ചും, ചിലവുകൾ ചുരുക്കിയും കുറഞ്ഞ നിരക്കിൽ പരമാവധി വൈദ്യുതി വാങ്ങിയും, വരുമാന കമ്മി പരമാവധി കുറയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(6) കണക്ടഡ് ലോഡിനെ അടിസ്ഥാനപ്പെടുത്തി ഗാർഹിക ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജ് ഏർപ്പെടുത്തണമെന്ന് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ നിർദ്ദേശം കമ്മീഷൻ അംഗീകരിച്ചില്ല.

(7) യൂണിറ്റിന് 10 പൈസാ നിരക്കിൽ സമ്മർ താരീഫ് ഏർപ്പെടുത്തണമെന്ന കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ നിർദ്ദേശവും കമ്മീഷൻ അംഗീകരിച്ചില്ല.

(8) സംസ്ഥാനത്ത് ഏകദേശം ഒന്നര ലക്ഷത്തോളം ചെറുകിട വ്യാവസായികളാണ് ഉള്ളത്. ഇവർക്ക് പകൽ സമയത്തെ (രാവിലെ 6 മുതൽ വൈകുന്നേരം 6 വരെ) വൈദ്യുതി നിരക്ക് 10 ശതമാനം കുറയ്ക്കുന്നത് കമ്മീഷൻ പരിഗണിച്ചിട്ടുണ്ട്.

(9) കൃഷി ആവശ്യത്തിനുള്ള വൈദ്യുതിയുടെ നിരക്കിൽ യൂണിറ്റിന് 5 പൈസയുടെ നിരക്ക് വർദ്ധന മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. ഏകദേശം 5 ലക്ഷത്തോളം ഉപഭോക്താക്കൾക്ക് ടി ആനുകൂല്യം ലഭിക്കുന്നതാണ്.

(10) സംസ്ഥാനത്ത് വ്യാവസായിക മേഖലയുടെ താല്പര്യം കണക്കിലെടുത്ത് ശരാശരി 1 മുതൽ 2 ശതമാനം നിരക്ക് വർദ്ധനവ് മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. 10 കിലോ വാട്ട് ലോഡുള്ള ചെറുകിട വ്യവസായങ്ങൾക്ക് ഫിക്സഡ് ചാർജിൽ വർദ്ധനവില്ല. എനർജി ചാർജിൽ യൂണിറ്റിന് 5 പൈസയുടെ വർദ്ധനവ് മാത്രമേ ശുപാർശ ചെയ്തിട്ടുള്ളൂ. ഏകദേശം ഒരു ലക്ഷത്തോളം വ്യവസായങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നതാണ്. പകൽ സമയത്ത് 10 ശതമാനം ഇളവ് പരിഗണിക്കുമ്പോൾ വ്യവസായങ്ങൾക്ക് ബില്ലിൽ കുറവ് ലഭിക്കും.

(11) സോളാർ ലഭ്യത കണക്കിലെടുത്ത് പ്രതിമാസം 250 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ പകൽ സമയത്തെ വൈദ്യുതി നിരക്കിൽ 10 ശതമാനം കുറവു വരുത്തിയിട്ടുണ്ട്. ഏകദേശം അഞ്ച് ലക്ഷത്തോളം ഗാർഹിക ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നു.

(12) ഗവൺമെന്റ് ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും, കേരളത്തിലെ സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വൈദ്യുതി നിരക്കുകൾ, ഗവൺമെന്റ് സ്ഥാപനങ്ങളുടെ നിരക്കിലേക്ക് മാറ്റിയിട്ടുണ്ട്.

(13) ആഡിറ്റോറിയങ്ങൾ, കല്യാണ മണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ തുടങ്ങിയവ ഇപ്പോൾ ഡീസൽ ജനറേറ്ററുകൾ ഉപയോഗിച്ചാണ് പ്രധാന പരിപാടികൾ നടത്തുന്നത്. ഡീസൽ വൈദ്യുതി ഒഴിവാക്കുന്നതിനും കാർബൺ പുറംതള്ളൽ ഒഴിവാക്കി പരിസര മലിനീകരണം കുറയ്ക്കുന്നതിനും ഇവർക്ക് ആവശ്യമുള്ളപ്പോൾ താൽക്കാലിക കണക്ഷൻ നിരക്കിൽ വൈദ്യുതി നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതുവഴി ടി ഹാളുകൾ പ്രവർത്തിക്കുമ്പോൾ ഫിക്സഡ് ചാർജ് നൽകേണ്ടി വരില്ല.

(14) പ്രതിമാസം 250 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ടി.ഒ.ഡി നിരക്കിലേക്ക് മാറ്റുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

(15) വാണിജ്യ ഉപഭോക്താക്കൾക്ക് എനർജി ചാർജിൽ വർദ്ധനവില്ല.

(16) മീറ്റർ വാടക വർദ്ധനവില്ല.

(17) ടൂറിസം മേഖല പ്രോത്സാഹിപ്പിക്കുന്നതിന് ഫാം സ്റ്റേകളിൽ (കൃഷി, ഡയറി ഫാം, മൃഗസംരക്ഷണം മേഖലകളിൽ) ഹോം സ്റ്റേ രീതിയിൽ ഗാർഹിക നിരക്ക് ബാധകമാക്കിയിട്ടുണ്ട്.

(18) പ്രൈവറ്റ് ഹോസ്റ്റലുകളുടെ താരിഫിൽ ശരാശരി 30% വരെ ഇളവ് നൽകിയിട്ടുണ്ട്.

(19) ഉപഭോക്താക്കളുടെ താൽപര്യ പ്രകാരം വൈദ്യുതി ബില്ലുകൾ എല്ലാ ഉപഭോക്താക്കൾക്കും മലയാളത്തിൽ നൽകാൻ കെ.എസ്.ഇ.ബി ലിമിറ്റഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(20) മീറ്റർ റീഡിംഗ് എടുക്കുന്നതിനും, ബില്ലുകൾ തയ്യാറാക്കുന്നതിനും അധിക ജീവനക്കാരെ ഏർപ്പെടുത്താതെ തന്നെ, ഉപഭോക്താക്കളുടെ സഹകരണത്തോടെ സ്വയം മീറ്റർ റീഡിംഗ് എടുത്ത് ആവശ്യപെടുന്നവർക്ക് പ്രതിമാസ ബില്ലുകൾ നൽകണം.

(21) വാർഷിക വിലക്കയറ്റത്തോത് 5.19% ആയിരിക്കെ 2024-25 ലേക്ക് 2.3% വർദ്ധനവും, 2025-26 ലേക്ക് 1.75% വർദ്ധനവും മാത്രമേ കമ്മീഷൻ അനുവദിച്ചിട്ടുള്ളൂ. **കൂടാതെ 2026-27 ൽ വർദ്ധനവില്ല.**

**കമ്മീഷൻ അംഗീകരിച്ച താരിഫ് പരിഷ്കരണത്തിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.**

**ലോ ടെൻഷൻ**

**ഗാർഹികം (LT-I)**

| പ്രതിമാസ ഉപയോഗം | നിലവിലുള്ള നിരക്ക് | | | കമ്മീഷൻ 2024-25 ലേക്ക് അംഗീകരിച്ചത് | | | കമ്മീഷൻ 2025-26 ലേക്ക് കമ്മീഷൻ അംഗീകരിച്ചത് | | |
|---|---|---|---|---|---|---|---|---|---|
| | ഫിക്സഡ് ചാർജ് | | എനർജി ചാർജ് | ഫിക്സഡ് ചാർജ് | | എനർജി ചാർജ് | ഫിക്സഡ് ചാർജ് | | എനർജി ചാർജ് |
| | സിംഗിൾ ഫേസ് | ത്രീ ഫേസ് | | സിംഗിൾ ഫേസ് | ത്രീ ഫേസ് | | സിംഗിൾ ഫേസ് | ത്രീ ഫേസ് | |
| പ്രതിമാസം 250 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ നിരിക്ക് (ടെലിസ്കോപ്പിക്) | | | | | | | | | |
| 0-40 | ഇല്ല | ഇല്ല | 1.50 | ഇല്ല | ഇല്ല | 1.50 | ഇല്ല | ഇല്ല | 1.50 |
| 0-50 | 40 | 100 | 3.25 | 45 | 120 | 3.30 | 50 | 130 | 3.35 |
| 51-100 | 65 | 140 | 4.05 | 75 | 160 | 4.15 | 85 | 175 | 4.25 |
| 101-150 | 85 | 170 | 5.10 | 95 | 190 | 5.25 | 105 | 205 | 5.35 |
| 151-200 | 120 | 180 | 6.95 | 130 | 200 | 7.10 | 140 | 215 | 7.20 |
| 201-250 | 130 | 200 | 8.20 | 145 | 220 | 8.35 | 160 | 235 | 8.50 |
| പ്രതിമാസം 250 യൂണിറ്റിനു മുകളിൽ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ നിരിക്ക് (ടെലിസ്കോപ്പിക്) | | | | | | | | | |
| 0-300 | 150 | 205 | 6.40 | 190 | 225 | 6.55 | 220 | 240 | 6.75 |
| 0-350 | 175 | 210 | 7.25 | 215 | 235 | 7.40 | 240 | 250 | 7.60 |
| 0-400 | 200 | 210 | 7.60 | 235 | 240 | 7.75 | 260 | 260 | 7.95 |
| 0-500 | 230 | 235 | 7.90 | 265 | 265 | 8.05 | 285 | 285 | 8.25 |
| 500 ന് മുകളിൽ | 260 | 260 | 8.80 | 290 | 290 | 9.00 | 310 | 310 | 9.20 |

**1000 വാട്ട് വരെ കണക്ടഡ് ലോഡുള്ള പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് നിരക്ക് വർദ്ധനയില്ല. തുടർന്നും നിലവിലുള്ള നിരക്കിൽ യൂണിറ്റിന് 1 രൂപ 50 പൈസ നൽകിയാൽ മതി.**

(1) ചെറുകിട വ്യാവസായിക വിഭാഗം (**LT- IV- [A]**)

**(ധാന്യം പൊടിക്കുന്ന മില്ലുകൾ, വെൽഡിംഗ് വർക്ഷോപ്പുകൾ, മറ്റു ചെറുകിട സംരഭങ്ങൾ തുടങ്ങിയവ)**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ് ചാർജ്ജ്** | | | |
| കണക്റ്റഡ് ലോഡ് 10 കിലോവാട്ട് വരെ (പ്രതിമാസം ഒരു ഉപഭോക്താവ് നൽകേണ്ടത്) | 140 രൂപ | 140 രൂപ | 140 രൂപ |
| കണക്റ്റഡ് ലോഡ് 10 മുതൽ 20കിലോവാട്ട് വരെ (കിലോവാട്ടിന് പ്രതിമാസം) | 85 രൂപ | 90 രൂപ | 95 രൂപ |
| കണക്റ്റഡ് ലോഡ് 20കിലോവാട്ടിന്മുകളിൽ(കെ.വി.എയ്ക്ക് പ്രതിമാസം) | 200 രൂപ | 210 രൂപ | 215 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | | | |
| **10** കിലോ വാട്ട് വരെ | 5.80 രൂപ | 5.85 രൂപ | 5.90 രൂപ |
| **10 –20** കിലോവാട്ട് വരെ | 5.80 രൂപ | 5.90 രൂപ | 5.95 രൂപ |
| **20** കിലോവാട്ടിന്മുകളിൽ | 5.85 രൂപ | 5.95 രൂപ | 6.00 രൂപ |

(2) ചെറുകിട ഐ.ടി അധിഷ്ഠിത വ്യവസായ വിഭാഗം (**LT -IV –[B]**)

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ് ചാർജ്ജ്** | | | |
| കണക്റ്റഡ് ലോഡ് 10 കിലോവാട്ട് വരെ (പ്രതിമാസം ഒരു ഉപഭോക്താവ് നൽകേണ്ടത്) | 165 രൂപ | 175 രൂപ | 175 രൂപ |
| കണക്റ്റഡ് ലോഡ് 10 മുതൽ 20കിലോവാട്ട് വരെ (കിലോവാട്ടിന് പ്രതിമാസം) | 120 രൂപ | 130 രൂപ | 135 രൂപ |
| കണക്റ്റഡ് ലോഡ് 20കിലോവാട്ടിന്മുകളിൽ(കെ.വി.എയ്ക്ക് പ്രതിമാസം) | 200 രൂപ | 210 രൂപ | 220 രൂപ |
| **എനർജി ചാർജ്ജ് (യൂണിറ്റിന്)** | | | |
| **10** കിലോ വാട്ട് വരെ | 6.50 രൂപ | 6.60 രൂപ | 6.65 രൂപ |
| **10 –20** കിലോവാട്ട് വരെ | 6.50 രൂപ | 6.60 രൂപ | 6.70 രൂപ |
| **20** കിലോവാട്ടിന്മുകളിൽ | 6.60 രൂപ | 6.70 രൂപ | 6.80 രൂപ |

(3) കൃഷി ആവശ്യത്തിന് വെള്ളം പമ്പ് ചെയ്യുന്നതിന് (**LT – V- [A]**)

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ് ചാർജ്ജ്**(പ്രതിമാസം കിലോ വാട്ടിന്) | 20 രൂപ | 20 രൂപ | 20 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 2.30 രൂപ | 2.35 രൂപ | 2.40 രൂപ |

(4) കോഴി വളർത്തൽ, കന്നുകാലി വളർത്തൽ, അലങ്കാര മത്സ്യകൃഷി തുടങ്ങിയ കൃഷി ആവശ്യങ്ങൾക്ക് (**LT – V –[B]**)

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ് ചാർജ്ജ്**(പ്രതിമാസം കിലോ വാട്ടിന്) | 20 രൂപ | 25 രൂപ | 30 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 3.40 രൂപ | 3.40 രൂപ | 3.40 രൂപ |

**(5) ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവൺമെന്റ് ആശുപത്രികൾ, അമ്പലങ്ങൾ, പള്ളികൾ തുടങ്ങിയവയുടെ താരിഫ് (LT – VI – [A])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ്ചാർജ്ജ്** (പ്രതിമാസം കിലോ വാട്ടിന്) | 80 രൂപ | 85 രൂപ | 90 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | | | |
| പ്രതിമാസം 500 യൂണിറ്റ് വരെ | 5.80 രൂപ | 5.90 രൂപ | 6.00 രൂപ |
| പ്രതിമാസം 500 യൂണിറ്റിനു മുകളിൽ | 6.65രൂപ | 6.75 രൂപ | 6.85 രൂപ |

**(6) സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും കീഴിലുള്ള ഓഫീസുകൾ, കേരള വാട്ടർ അതോറിറ്റി തുടങ്ങിയവയുടെ ഓഫീസുകൾ (LT – VI –[B])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ്ചാർജ്ജ്** (പ്രതിമാസം കിലോ വാട്ടിന്) | 105 രൂപ | 110 രൂപ | 115രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | | | |
| പ്രതിമാസം 500 യൂണിറ്റ് വരെ | 6.50 രൂപ | 6.60 രൂപ | 6.65 രൂപ |
| പ്രതിമാസം 500 യൂണിറ്റിനു മുകളിൽ | 7.15 രൂപ | 7.25 രൂപ | 7.30 രൂപ |

**(7) ബാങ്കുകൾ, ഇൻഷ്വറൻസ് കമ്പിനികൾ, ഇൻകംടാക്സ് ഓഫീസുകൾ തുടങ്ങിയവയുടെ താരിഫ് (LT – VI –[C])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ്ചാർജ്ജ്** (പ്രതിമാസം കിലോ വാട്ടിന്) | 190 രൂപ | 195 രൂപ | 200 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | | | |
| പ്രതിമാസം 500 യൂണിറ്റ് വരെ | 7.15 രൂപ | 7.15 രൂപ | 7.15 രൂപ |
| പ്രതിമാസം 500 യൂണിറ്റിനു മുകളിൽ | 8.65 രൂപ | 8.65 രൂപ | 8.65 രൂപ |

**(8) അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അംഗനവാടികൾ തുടങ്ങിയവയുടെ താരിഫ് (LT – VI –[D])**

| | **നിലവിലുള്ള നിരക്ക്** |
|---|---|
| **ഫിക്സഡ് ചാർജ്ജ്** (പ്രതിമാസം ഒരു ഉപഭോക്താവ് നൽകേണ്ടത്) | 35 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 2.10 രൂപ |

ടി വിഭാഗത്തിന് നിരക്ക് വർദ്ധനവില്ല.

**(9) പബ്ളിക്ക് കംഫർട്ട് സ്റ്റേഷനുകൾ, 2000 വാട്ടിൽ താഴെ കണക്ടഡ് ലോഡുള്ള സ്പോർസ് ക്ലബ്ബുകൾ, പ്രസ്സ് കബ്ബുകൾ തുടങ്ങിയവയുടെ താരിഫ് (LT – VI –[E])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ് ചാർജ്ജ്** (പ്രതിമാസം ഒരു ഉപഭോക്താവ് നൽകേണ്ടത്) | | | |
| സിംഗിൾ ഫേസ് | 50 രൂപ | 50 രൂപ | 50 രൂപ |
| ത്രീ ഫേസ് | 120 രൂപ | 125 രൂപ | 130 രൂപ |
| **എനർജി ചാർജ്ജ്** (പ്രതിമാസം ഉപയോഗം) (യൂണിറ്റിന്) | | | |
| 50 യൂണിറ്റ് വരെ | 3.70 രൂപ | 3.75 രൂപ | 3.80 രൂപ |
| 120 യൂണിറ്റ് വരെ | 4.70 രൂപ | 4.75 രൂപ | 4.80 രൂപ |
| 200 യൂണിറ്റ് വരെ | 5.40 രൂപ | 5.45 രൂപ | 5.50 രൂപ |
| 200 യൂണിറ്റിന് മുകളിൽ | 7.10 രൂപ | 7.15 രൂപ | 7.20 രൂപ |

**(10) സ്വകാര്യ മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ടെലിഫോൺ എക്സ്ചെയിഞ്ചുകൾ, ടെലിവിഷൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനികൾ തുടങ്ങിയവയുടെ താരിഫ് (LT – VI –[F])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ് ചാർജ്ജ്** (പ്രതിമാസം ഒരു ഉപഭോക്താവ് നൽകേണ്ടത്) | | | |
| സിംഗിൾ ഫേസ് | 90 രൂപ | 105 രൂപ | 105 രൂപ |
| ത്രീ ഫേസ് | 180 രൂപ | 195 രൂപ | 195 രൂപ |
| **എനർജി ചാർജ്ജ്** (പ്രതിമാസം ഉപയോഗം) (യൂണിറ്റിന്) | | | |
| 100 യൂണിറ്റ് വരെ | 6.00 രൂപ | നിരക്ക് വർദ്ധനവില്ല. നിലവിലുള്ള നിരക്ക് തുടരും | |
| 200 യൂണിറ്റ് വരെ | 6.80 രൂപ | | |
| 300 യൂണിറ്റ് വരെ | 7.50 രൂപ | | |
| 500 യൂണിറ്റ് വരെ | 8.15 രൂപ | | |
| 500 യൂണിറ്റിന് മുകളിൽ | 9.25 രൂപ | | |

**(11) സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ക്ലീനിക്കുകൾ, സ്വകാര്യ ലബോറട്ടറികൾ തുടങ്ങിയവയുടെ നിരക്ക് (LT – VI –[G])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ് ചാർജ്ജ്** (പ്രതിമാസം ഒരു ഉപഭോക്താവ് നൽകേണ്ടത്) | | | |
| സിംഗിൾ ഫേസ് | 80 രൂപ | 90 രൂപ | 90 രൂപ |
| ത്രീ ഫേസ് | 165 രൂപ | 175 രൂപ | 175 രൂപ |
| **എനർജി ചാർജ്ജ്** (പ്രതിമാസം ഉപയോഗം) (യൂണിറ്റിന്) | | | |
| പ്രതിമാസ ഉപഭോഗം | | | |
| 500 യൂണിറ്റ് വരെ | 5.85 രൂപ | നിരക്ക് വർദ്ധനവില്ല. നിലവിലുള്ള നിരക്ക് തുടരും | |
| 1000 യൂണിറ്റ് വരെ | 6.60 രൂപ | | |
| 2000 യൂണിറ്റ് വരെ വരെ | 7.70 രൂപ | | |
| 2000 യൂണിറ്റിനു മുകളിൽ | 8.60രൂപ | | |

**(12) വാണിജ്യ സ്ഥാപനങ്ങൾ, കടകൾ തുടങ്ങിയവയുടെ താരിഫ്(LT-VII-[A])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ് ചാർജ്ജ്** ( രൂപ / കിലോവാട്ട് / മാസം) | | | |
| സിംഗിൾ ഫേസ് | 90 രൂപ | 95 രൂപ | 95 രൂപ |
| ത്രീ ഫേസ് | 175 രൂപ | 190 രൂപ | 190 രൂപ |
| **എനർജി ചാർജ്ജ്** (രൂപ /യൂണിറ്റിന്) | | | |
| പ്രതിമാസ ഉപഭോഗം | | | |
| 100 യൂണിറ്റ് വരെ | 6.05 രൂപ | നിരക്ക് വർദ്ധനവില്ല. നിലവിലുള്ള നിരക്ക് തുടരും | |
| 200 യൂണിറ്റ് വരെ | 6.80 രൂപ | | |
| 300 യൂണിറ്റ് വരെ | 7.50 രൂപ | | |
| 500 യൂണിറ്റ് വരെ | 8.15 രൂപ | | |
| 501 യൂണിറ്റിന് മുകളിൽ | 9.40 രൂപ | | |

**(13) ചെറിയ പെട്ടികടകൾ(കണക്ടഡ് ലോഡ് 2000വാട്ടിന് താഴെയുള്ളർ മാത്രം (LT–VII-B)**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ് ചാർജ്ജ്** | | | |
| 1000 വാട്ട് വരെ പ്രതിമാസം ഒരു ഉപഭോക്താവിന് | 60 രൂപ | 65 രൂപ | 70 രൂപ |
| 1000 വാട്ടിന് മുകളിൽ | 70 രൂപ | 75 രൂപ | 80 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | | | |
| 100 യൂണിറ്റ് വരെ | 5.30 രൂപ | 5.35 രൂപ | 5.40 രൂപ |
| 200 യൂണിറ്റ് വരെ | 6.10 രൂപ | 6.20 രൂപ | 6.25 രൂപ |
| 300 യൂണിറ്റിന് മുകളിൽ | 6.70 രൂപ | 6.80 രൂപ | 6.90 രൂപ |

**(14) 2000 വാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള -സിനിമാ തീയറ്ററുകൾ, സർക്കസ് കൂടാരങ്ങൾ, സ്പോർസ് ക്ലബ്ബുകൾ (LT–VII-[C])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ് ചാർജ്ജ്** ( രൂപ / കിലോവാട്ട് / മാസം) | | | |
| **എനർജി ചാർജ്ജ്** (രൂപ /യൂണിറ്റിന്) | 130 രൂപ | 140 രൂപ | 145 രൂപ |
| പ്രതിമാസ ഉപഭോഗം | | | |
| 1000 യൂണിറ്റ് വരെ | 6.30 രൂപ | 6.35 രൂപ | 6.40 രൂപ |
| 1000 യൂണിറ്റിന് മുകളിൽ | 7.70 രൂപ | 7.75 രൂപ | 7.80 രൂപ |

**(15) തെരുവു വിളക്കുകൾ താരിഫ് (LT–VIII-[B])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ് ചാർജ്ജ്**(പ്രതിമാസം / മീറ്റർ) | 90 രൂപ | 95 രൂപ | 100 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 4.80 രൂപ | 4.90 രൂപ | 5.00 രൂപ |

(16) ഇലക്ട്രിക് വാഹനങ്ങളുടെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ താരിഫ് (**LT–X**)

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഫിക്സഡ് ചാർജ്ജ്**(പ്രതിമാസം / കിലോ വാട്ട്) | 100 രൂപ | ഫിക്സഡ് ചാർജ്ജ് ഒഴിവാക്കി | |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 5.50 രൂപ | 7.15 രൂപ | 7.15 രൂപ |

**<u>ഹൈ ടെൻഷൻ നിരക്കുകൾ</u>**

(17) വ്യവസയങ്ങൾ (**HT- I –[A]**)

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 405 രൂപ | 415 രൂപ | 420 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 6.15രൂപ | 6.20 രൂപ | 6.25 രൂപ |

(18) ഐ.ടി വ്യവസായങ്ങൾ, സോഫ്റ്റ് വെയർ യൂണിറ്റുകൾ (**HT- I –[B]**)

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 410 രൂപ | 420 രൂപ | 430 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 6.60 രൂപ | 6.70 രൂപ | 6.75 രൂപ |

(19) ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള / എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവൺമെന്റ് ആശുപത്രികൾ, അമ്പലങ്ങൾ, പള്ളികൾ തുടങ്ങിയവയ്ക്കുള്ള താരിഫ് (**HT- II –[A]**)

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 440 രൂപ | 450 രൂപ | 460 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 6.05 രൂപ | 6.15രൂപ | 6.20 രൂപ |

(20) സ്വകാര്യ ആശുപത്രികൾ, സ്വകാര്യ മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബാങ്കുകൾ തുടങ്ങിയവയുടെ താരിഫ് (**HT- II –[B]**)

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 525 രൂപ | 535 രൂപ | 535 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | | | |
| (എ) മാസം 30000 യൂണിറ്റ് വരെ ഉപയോഗിക്കുന്നവർക്ക് | 6.80 രൂപ | 6.85 രൂപ | 6.85 രൂപ |
| (ബി) മാസം 30000 യൂണിറ്റ് നു മുകളിൽ ഉപയോഗിക്കുന്നവർക്ക് | 7.80 രൂപ | 7.85 രൂപ | 7.85 രൂപ |

**(21) കൃഷി ആവശ്യത്തിന് വെള്ളം പമ്പ് ചെയ്യുന്നതിന് (HT- III –[A])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 230 രൂപ | 240 രൂപ | 250 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 3.50 രൂപ | 3.55 രൂപ | 3.60 രൂപ |

**(22)കോഴി വളർത്തൽ, മത്സ്യ കൃഷി തുടങ്ങിയവയുടെ നിരക്ക് (HT- III –[B])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 250 രൂപ | 260 രൂപ | 270 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 4.00 രൂപ | 4.05 രൂപ | 4.10 രൂപ |

**(23) വൻകിട വാണിജ്യ സ്ഥാപനങ്ങൾ കടകൾ തുടങ്ങിയവയുടെ നിരക്ക് (HT-IV–[A])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 500 രൂപ | വർദ്ധനവില്ല. | |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | | | |
| (എ) മാസം 30000 യൂണിറ്റ് വരെ ഉപയോഗിക്കുന്നവർക്ക് | 6.80 രൂപ | 6.90 രൂപ | 6.90 രൂപ |
| (ബി) മാസം 30000 യൂണിറ്റ്നു മുകളിൽ ഉപയോഗിക്കുന്നവർക്ക് | 7.80 രൂപ | 7.90 രൂപ | 7.90 രൂപ |

**(24) ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ, ഷോപ്പിംഗ് മാൾ തുടങ്ങിയവയുടെ നിരക്ക് (HT- IV –[B])**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 500 രൂപ | 510 രൂപ | 510 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | | | |
| (എ) മാസം 30000 യൂണിറ്റ് വരെ ഉപയോഗിക്കുന്നവർക്ക് | 6.90 രൂപ | 6.90 രൂപ | 6.90 രൂപ |
| (ബി) മാസം 30000 യൂണിറ്റ്നു മുകളിൽ ഉപയോഗിക്കുന്നവർക്ക് | 7.90 രൂപ | 7.90 രൂപ | 7.90 രൂപ |

**(25) ഗാർഹിക ആവശ്യത്തിനുള്ള താരിഫ് (HT- V)**
**(100 കിലോ വാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള വീടുകൾ)**

| | **നിലവിലുള്ള നിരക്ക്** | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 440 രൂപ | 450 രൂപ | 460 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 6.15 രൂപ | 6.25 രൂപ | 6.35 രൂപ |

(26) ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകളുടെ താരിഫ് (**HT- VI**)

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| ഡിമാന്റ് ചാർജ്ജ് (പ്രതിമാസം കെ.വി.എക്ക്) | 290 രൂപ | ഒഴിവാക്കിയിട്ടുണ്ട്. | |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 6.00 രൂപ | 7.00 രൂപ | 7.00 രൂപ |

<u>എക്സ്ട്രാ ഹൈ ടെൻഷൻ</u>

(27) വ്യവസായങ്ങൾ (**EHT – 66 kV**)

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| ഡിമാന്റ് ചാർജ്ജ് (പ്രതിമാസം കെ.വി.എക്ക്) | 400 രൂപ | 410 രൂപ | 420 രൂപ |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 6.15 രൂപ | 6.25 രൂപ | 6.30 രൂപ |

(28) വ്യവസായങ്ങൾ (**EHT – 110 kV**)

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| ഡിമാന്റ് ചാർജ്ജ് (പ്രതിമാസം കെ.വി.എക്ക്) | 400 രൂപ | 410 രൂപ | 420 രൂപ |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 6.00 രൂപ | 6.10 രൂപ | 6.15 രൂപ |

(29) വ്യവസായങ്ങൾ (**EHT – 220 kV**)

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| ഡിമാന്റ് ചാർജ്ജ് (പ്രതിമാസം കെ.വി.എക്ക്) | 380 രൂപ | 390 രൂപ | 400 രൂപ |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 5.40 രൂപ | 5.50 രൂപ | 5.55 രൂപ |

(30) ഗവൺമെന്റ് ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ (**EHT – General A**) –

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| ഡിമാന്റ് ചാർജ്ജ് (പ്രതിമാസം കെ.വി.എക്ക്) | 400 രൂപ | 410 രൂപ | 420 രൂപ |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 5.75 രൂപ | 5.85 രൂപ | 5.90 രൂപ |

**(31) ഐ.എസ്.ആർ.ഒ, ഗവൺമെന്റ് അധീനതയിലുള്ള റിസേർച്ച് സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ താരിഫ് (EHT)**

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 450 രൂപ | 460 രൂപ | 460 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | | | |
| (എ) മാസം 60000 യൂണിറ്റ് വരെ ഉപയോഗിക്കുന്നവർക്ക് | 6.00 രൂപ | 6.05 രൂപ | 6.10 രൂപ |
| (ബി) മാസം 60000 യൂണിറ്റിന് മുകളിൽ ഉപയോഗിക്കുന്നവർക്ക് | 7.00 രൂപ | 7.05 രൂപ | 7.10 രൂപ |

**(32) എയർപോർട്ടുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവ (EHT General C)**

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 450 രൂപ | 460 രൂപ | 470 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | | | |
| (എ) മാസം 60000 യൂണിറ്റ് വരെ ഉപയോഗിക്കുന്നവർക്ക് | 6.40 രൂപ | 6.45 രൂപ | 6.45 രൂപ |
| (ബി) മാസം 60000 യൂണിറ്റിന് മുകളിൽ ഉപയോഗിക്കുന്നവർക്ക് | 7.40 രൂപ | 7.45 രൂപ | 7.45 രൂപ |

**(33) റെയിൽവേ ട്രാക്ഷൻ, ഡിഫൻസ് എസ്റ്റാബ്ളിഷ്മെന്റ് (ഹൗസിംഗ് കോളനികൾ ഒഴികെ) തുടങ്ങിയവയുടെ താരിഫ് (EHT)**

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 360 രൂപ | 380 രൂപ | 390 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 5.50 രൂപ | 5.65 രൂപ | 5.75 രൂപ |

**(34) കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ താരിഫ് (EHT)**

| | നിലവിലുള്ള നിരക്ക് | കമ്മീഷൻ 2024-25 അംഗീകരിച്ചത് | കമ്മീഷൻ 2025-26 അംഗീകരിച്ചത് |
|---|---|---|---|
| **ഡിമാന്റ് ചാർജ്ജ്** (പ്രതിമാസം കെ.വി.എക്ക്) | 300 രൂപ | 310 രൂപ | 320 രൂപ |
| **എനർജി ചാർജ്ജ്** (യൂണിറ്റിന്) | 5.15 രൂപ | 5.25 രൂപ | 5.30 രൂപ |

# കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്നും വൈദ്യുതി വാങ്ങി ഉപയോഗിക്കുന്ന ലൈസൻസികളുടെ നിരക്കുകൾ

| ലൈസൻസിയുടെ പേര് | നിലവിലുള്ള നിരക്ക് | | കമ്മീഷൻ അംഗീകരിച്ചത് | | | |
|---|---|---|---|---|---|---|
| | | | 2024-25 വർഷത്തേക്ക് | | 2025-26 വർഷത്തേക്ക് | |
| | ഡിമാന്റ് ചാർജ് | എനർജി ചാർജ് | ഡിമാന്റ് ചാർജ് | എനർജി ചാർജ് | ഡിമാന്റ് ചാർജ് | എനർജി ചാർജ് |
| | രൂപ /കെ.വി.എ / മാസം | രൂപ / യൂണിറ്റ് | രൂപ /കെ.വി.എ / മാസം | രൂപ / യൂണിറ്റ് | രൂപ /കെ.വി.എ / മാസം | രൂപ / യൂണിറ്റ് |
| കിനസ്കോ പവ്വർ യൂറ്റിലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ് **(KPUPL)** | 400 | 6.30 | 415 | 6.40 | 425 | 6.50 |
| കൊച്ചിൻ സ്പെഷ്യൽ എക്കണോമിക്സ് സോൺ അതോറിറ്റി **(CSEZA)** | 400 | 6.30 | 415 | 6.40 | 425 | 6.50 |
| റബ്ബർ പാർക്ക് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് **(RPIL)** | 400 | 5.65 | 415 | 5.75 | 425 | 5.85 |
| ടെക്നോപാർക്ക് | 400 | 6.15 | 415 | 6.25 | 425 | 6.35 |
| കൊച്ചിൻ പോർട്ട് ട്രസ്റ്റ് **(CPT)** | 400 | 6.40 | 415 | 6.50 | 425 | 6.60 |
| തൃശ്ശൂർ കോർപ്പറേഷൻ **(TCED)** | 400 | 6.65 | 415 | 6.75 | 425 | 6.85 |
| ഇൻഫോപാർക്ക് | 400 | 5.90 | 400 | 5.90 | 400 | 5.90 |
| കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി ലിമിറ്റഡ് **(KDHPCL)** | 400 | 5.40 | 415 | 5.50 | 425 | 5.60 |
| സമാർട്ട് സിറ്റി | 400 | 5.90 | 400 | 5.90 | 400 | 5.90 |
| ചാമുണ്ടേശ്വരി ഇലക്ട്രിസിറ്റി കോർപ്പറേഷൻ, കർണ്ണാടക | 410 | 6.25 | 425 | 6.35 | 435 | 6.45 |